"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം - എറണാകുളം ജില്ലാ കളക്ടറുടെ ഉത്തരവിനെതിരെ ശ്രീ.റോയ് ആന്റണി സമർപ്പിച്ച റിവിഷൻ ഹർജി - നിരസിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി(എൻ.സി.എ.)വകുപ്പ്**

സ.ഉ.(സാധാ) നം.869/2023/AGRI തീയതി,തിരുവനന്തപുരം, 07-09-2023

---

പരാമർശം:- 1. എറണാകുളം ജില്ലാ കളക്ടറുടെ 18.10.2022-ലെ DCEKM/5554/2022-L15 നമ്പർ നടപടിക്രമം.

2. ശ്രീ.റോയ് ആന്റണി, എളമനമഠത്തിൽ വീട്, എറണാകുളം(N) സമർപ്പിച്ച 21.10.2022-ലെ റിവിഷൻ ഹർജി.

3. എറണാകുളം ജില്ലാ കളക്ടറുടെ 10.05.2023-ലെ DCEKM/5554/2022-L15 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

എറണാകുളം ജില്ല പറവൂർ താലൂക്ക് ആലങ്ങാട് വില്ലേജ് ബ്ലോക്ക് 1 സർവ്വേ നം.77/10-3, 78/1A2-3, 78/1, B2-2, 77/9-10-ൽപ്പെട്ട BTR പ്രകാരം നിലം എന്ന് ഇനം രേഖപ്പെടുത്തിയ ശ്രീ.റോയ് ആന്റണിയുടെ ഉടമസ്ഥതയിലുള്ള യഥാക്രമം 11.33ആർ, 04.25ആർ, 04.86ആർ, 25.69 ആർ ഉൾപ്പെടെ 46.13 ആർ വസ്തു സ്വഭാവ വ്യതിയാനം വരുത്തുന്നതിനുള്ള അപ്പീൽ അപേക്ഷ നിരസിച്ച എറണാകുളം ജില്ലാ കളക്ടറുടെ പരാമർശം (1) നടപടിക്രമത്തിനെതിരെ ശ്രീ.റോയി ആന്റണി പരാമർശം (2) പ്രകാരം സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിക്കുകയുണ്ടായി.

2. പ്രസ്തുത റിവിഷൻ ഹർജിയിന്മേൽ പരാമർശം (3) പ്രകാരം എറണാകുളം ജില്ലാ കളക്ടർ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

"പറവൂർ താലൂക്ക് ആലങ്ങാട് വില്ലേജ് ബ്ലോക്ക് 1 സർവ്വേ നം.77/10-3, 78/1A2-3,78/1, B2-2 , 77/9-10-ൽപ്പെട്ട BTR പ്രകാരം നിലം എന്ന് ഇനം രേഖപ്പെടുത്തിയ അപേക്ഷകന്റെ ഉടമസ്ഥതയിലുള്ള യഥാക്രമം 11.33ആർ, 04.25ആർ, 04.86ആർ, 25.69 ആർ ഉൾപ്പെടെ 46.13ആർ വസ്തു കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം 2018 സെക്ഷൻ 27A പ്രകാരം സ്വഭാവ വ്യതിയാനം വരുത്തുന്നതിന് ഫോർട്ട് കൊച്ചി സബ് കളക്ടർക്ക് നൽകിയ അപേക്ഷ 29.04.2022-ലെ K4-5249/2019 നമ്പർ പ്രകാരം നിരസിച്ചതിനെതിരെ 03.05.2022-ൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം 2018 സെക്ഷൻ 27B പ്രകാരം അപ്പീൽ സമർപ്പിച്ചിരുന്നു.

ശ്രീ. റോയി ആന്റണിയ്ക്കു വേണ്ടി പവർ ഓഫ് അറ്റോർണി ഹോൾഡറായ ജോർജ്ജ്.വി.ജെ. സമർപ്പിച്ച അപ്പീലിൽ തീരുമാനമെടുക്കുന്നതിനായി ബന്ധപ്പെട്ട കക്ഷികളെ 22.07.2022-ന്

കേൾക്കുകയുണ്ടായി.

മേൽപ്പറഞ്ഞ സർവ്വേ നമ്പരുകളിൽ ആലങ്ങാട് സബ് രജിസ്ട്രാർ ഓഫീസിലെ 1001/2000-ാം നമ്പർ ആധാര പ്രകാരം 46.13 ആർ വസ്തു കൈവശത്തിലുള്ളതായും, ടി വസ്തു ബി.ടി.ആറിൽ നിലമായി രേഖപ്പെടുത്തിയിട്ടുള്ളതായും, എന്നാൽ 2008-ന് മുമ്പ് തന്നെ പുരയിടമായി കിടക്കുന്നതാണെന്നും സ്ഥലത്ത് വിവിധജാതി മരങ്ങൾ നിൽക്കുന്നതായും നെൽകൃഷിയ്ക്ക് അനുയോജ്യമല്ലെന്നും വസ്തുവിലുള്ള തോടുകൾ പരിവർത്തനത്തെ ബാധിക്കുന്നതല്ലെന്നും ആയതിനാൽ സബ് കളക്ടറുടെ ഉത്തരവ് റദ്ദാക്കി അപ്പീൽ അനുവദിക്കണമെന്ന് ഹിയറിംഗിൽ അപേക്ഷകൻ സ്റ്റേറ്റ്മെന്റ് നൽകി.

മേൽ പരാമർശിച്ച സർവ്വേ നമ്പരുകൾ ബി.ടി.ആറിൽ ''നിലം'' എന്ന് രേഖപ്പെടുത്തിയിട്ടുള്ളതാണ്. ടി സർവ്വേ നമ്പറുകളിൽ 78/1A/2, 78/1B2 ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. 78/1A/2, 78/1B2-ൽപ്പെട്ട ഭൂമിയിൽ നിലവിൽ ചെടികളും, പുല്ലുകളും വളർന്ന് നിൽക്കുന്ന തരിശായി കിടക്കുന്ന സ്ഥലമാണ്. വർഷങ്ങൾക്ക് മുൻപ് ഇവിടെ പൊക്കാളി കൃഷി ചെയ്തിരുന്നതായും, വളർന്ന് നിൽക്കുന്ന ചെടിപടലങ്ങൾക്ക് ഇടയിൽ വെള്ളം കെട്ടി നിൽക്കുന്നതാണെന്നും, പ്രസ്തുത സ്ഥലം പരിവർത്തനം നടത്തിയാൽ പരിസ്ഥിതിയേയും ജലനിർഗ്ഗമന മാർഗ്ഗങ്ങളേയും പ്രതികൂലമായി ബാധിക്കുമെന്നും ആകയാൽ ഡാറ്റാ ബാങ്കിൽ നിലനിർത്താൻ LLMC ശുപാർശ ചെയ്തിട്ടുള്ളതായും കൃഷി ഓഫീസർ റിപ്പോർട്ടു ചെയ്തിട്ടുള്ളതാണ്.

വില്ലേജ് ഓഫീസറുടെ അന്വേഷണ റിപ്പോർട്ട് പ്രകാരം അപേക്ഷകനായ ശ്രീ.റോയി ആന്റണി, എളമന മഠത്തിൽ, എറണാകുളം എന്നയാളുടെ പേരിൽ ആലങ്ങാട് സബ് രജിസ്ട്രാർ ഓഫീസിലെ 1001/2000 നമ്പർ ആധാര പ്രകാരം സർവ്വേ നം. 77/10-ൽ 11.33ആർ 77/9-ൽ 25.69ആർ, 78/A2-ൽ 4.25ആർ, 78/1 B2-ൽ 4.86ആർ ഉൾപ്പെടെ ഒന്നായി കിടക്കുന്ന 46.13 ആർ വസ്തു സിദ്ധിച്ചിട്ടുള്ളതാണെന്നും, സ്ഥലപരിശോധനയിൽ അപേക്ഷാ വസ്തുവിൽ നിലവിൽ കണ്ടൽ ചെടികളും പന്നൽ ഉൾപ്പെടെയുള്ള ജലസസ്യങ്ങളും കുറ്റിക്കാടുകളും നിറഞ്ഞ് കാടായി കിടക്കുന്നതിനാൽ വസ്തുവിന്റെ ഉള്ളിൽ പ്രവേശിച്ച് പരിശോധന നടത്തുവാൻ സാധിച്ചിട്ടില്ലെന്നും, പുറമെ നിന്നുള്ള പരിശോധനയിൽ വസ്തുവിൽ അങ്ങിങ്ങായി തെങ്ങുകൾ ഉള്ളതായും, വസ്തുവിൽ ഇടതോടുകളും സ്ഥിരമായി കാണുന്ന നീർച്ചാലുകളും ഉള്ളതായും റിപ്പോർട്ടു ചെയ്തു.

മേൽ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പറവൂർ താലൂക്ക് ആലങ്ങാട് വില്ലേജ് ബ്ലോക്ക് 1 സർവ്വേ നം. 77/10-3 78/1A2-3, 78/1B2-2, 77/9-10ൽ പ്പെട്ട ബി.ടി.ആർ, ഡാറ്റാ ബാങ്ക് എന്നിവ പ്രകാരം നിലം എന്ന ഇനം രേഖപ്പെടുത്തിയിട്ടുള്ള അപേക്ഷകന്റെ പേരിലുള്ള യഥാക്രമം 11.33ആർ, 04.25ആർ, 04.86ആർ, 25.69ആർ ഉൾപ്പെടെ 46.13ആർ വസ്തുവിൽ ജലസസ്യങ്ങളും, തോടുകളും, നീർച്ചാലുകളും ഉള്ളതായും, ടി വസ്തു പരിവർത്തനപ്പെടുത്തുന്നത് പരിസ്ഥിതിയേയും ജലനിർഗ്ഗമന മാർഗ്ഗങ്ങളേയും പ്രതികൂലമായി ബാധിക്കുന്നതാണെന്ന് ബോധ്യപ്പെട്ടതിനാൽ ശ്രീ.റോയ് ആന്റണിയ്ക്ക് വേണ്ടി ജോർജ്ജ് വി.ജെ. സമർപ്പിച്ച അപ്പീൽ അപേക്ഷ നിരസിച്ചിട്ടുള്ളതാണ്."

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബി.ടി.ആർ, ഡാറ്റാ ബാങ്ക് എന്നിവ പ്രകാരം നിലം എന്ന ഇനമായി രേഖപ്പെടുത്തിയിട്ടുള്ളതും, ജലസസ്യങ്ങളും, തോടുകളും, നീർച്ചാലുകളും ഉള്ള ടി വസ്തു പരിവർത്തനപ്പെടുത്തുന്നത് പരിസ്ഥിതിയേയും ജലനിർഗ്ഗമന

മാർഗ്ഗങ്ങളേയും പ്രതികൂലമായി ബാധിക്കുമെന്ന് ജില്ലാ കളക്ടറുടെ റിപ്പോർട്ടിൽ നിന്നും ബോധ്യപ്പെട്ടു. ആയതിനാൽ പരാമർശം (1) പ്രകാരം എറണാകുളം ജില്ലാ കളക്ടർ പുറപ്പെടുവിച്ച ഉത്തരവ് ശരിവച്ചുകൊണ്ടും, പരാമർശം (2) പ്രകാരം ശ്രീ.റോയ് ആന്റണി സമർപ്പിച്ച റിവിഷൻ ഹർജി നിരസിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ് സാബിർ ഹുസൈൻ
അഡിഷണൽ സെക്രട്ടറി

ശ്രീ.റോയ് ആന്റണി, എളമനമഠത്തിൽ വീട്, എറണാകുളം നോർത്ത് പി.ഒ.
ജില്ലാ കളക്ടർ, എറണാകുളം.
സബ് കളക്ടർ, ഫോർട്ട് കൊച്ചി, എറണാകുളം.
പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർ, എറണാകുളം.
വില്ലേജ് ഓഫീസർ, ആലങ്ങാട്.
വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി [ഫയൽ നംAGRI-NCA2/413/2022-AGRI].

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ